## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.745 — 15-07-2014-ൽ മറുപടിക്ക്

### ബാർലൈസൻസ് സംബന്ധിച്ച് ഹൈക്കോടതി നിരീക്ഷണം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. എ. എം. ആരിഫ്:<br>" കോലിയക്കോട് എൻ. കൃഷ്ണൻ നായർ:<br>" കെ. കുഞ്ഞിരാമൻ (ഉദുമ): | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) ബാർ ലൈസൻസ് വിഷയത്തിൽ സർക്കാരിന്റെ നയവും നടപടികളും രണ്ടുവഴിക്കാവരുതെന്ന ബഹു. കേരള ഹൈക്കോടതി നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കോടതി ഇത്തരത്തിൽ നിരീക്ഷിക്കാനിടയായതിന്റെ കാരണങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) ചോദ്യം ഉദിക്കുന്നില്ല. |
| (സി) മദ്യലഭ്യത കുറയ്ക്കുക എന്ന ലക്ഷ്യം സർക്കാരിനുണ്ടോ; എങ്കിൽ ബിവറേജസ് ഔട്ട്ലെറ്റുകളുടെ എണ്ണത്തിൽ എത്ര ശതമാനം കുറയ്ക്കുകയുണ്ടായി; | (സി) മദ്യത്തിന്റെ ലഭ്യത കുറച്ചുകൊണ്ട് മദ്യവർജ്ജനത്തിലൂന്നിയുള്ള മദ്യനയമാണ് ഈ സർക്കാരിന്റേത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ബിവറേജസ് ഔട്ട്ലെറ്റുകൾ (എഫ്.എൽ.1 ഷോപ്പുകൾ) ഒന്നും തന്നെ അനുവദിച്ചിട്ടില്ല. കഴിഞ്ഞ സർക്കാർ അനുവദിച്ചുത്തരവായ 12 എഫ്.എൽ.1 ഷോപ്പുകൾ തുറക്കേണ്ടതില്ലായെന്ന് തീരുമാനിക്കുകയും ചെയ്തു. എന്നാൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇത്തരം 33 ഔട്ട്ലെറ്റുകൾ അനുവദിച്ചിരുന്നു. ഔട്ട്ലെറ്റുകളുടെ എണ്ണത്തിൽ ഒരെണ്ണം പോലും വർദ്ധിപ്പിച്ചിട്ടില്ല. |
| (ഡി) സർക്കാർ പ്രചരിപ്പിക്കുന്ന നയവും അനുവർത്തിക്കുന്ന നടപടികളും ഒരേദിശയിൽ ആണോ; ഇല്ലെങ്കിൽ ആയത് ഒരേദിശയിൽ കൊണ്ടുവരാമോ; | (ഡി) മദ്യവർജ്ജനത്തിലൂന്നിയുള്ള മദ്യനയമാണ് ഈ സർക്കാരിന്റേത്. സർക്കാരിന്റെ നയവും അനുവർത്തിക്കുന്ന നടപടികളും ഒരേ ദിശയിൽത്തന്നെയാണ്. മദ്യത്തിന്റെ വിപണനം വർദ്ധിപ്പിക്കാനോ, മദ്യപാന ശീലത്തെ പ്രോത്സാഹിപ്പിക്കാനോ യാതൊരുവിധ നടപടികളും സർക്കാർ സ്വീകരിച്ചു വന്നിട്ടില്ല. മറിച്ച് മദ്യ-മയക്കുമരുന്നിനെതിരെ വ്യാപകമായ ബോധവൽക്കരണം നടത്തി മദ്യപാന ശീലരെ അതിൽ നിന്ന് പിൻതിരിപ്പിക്കാനും, |

പുതിയ തലമുറയെ മദ്യപാനശീലത്തിൽ നിന്നും അകറ്റി നിർത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. മദ്യപാനത്തെ ഉദാത്തവൽക്കരിക്കുന്ന സാമൂഹ്യശീലങ്ങളിൽ നിന്നും മുഴുവൻ ജനങ്ങളെയും ബോധവൽക്കരിച്ച് ഘട്ടംഘട്ടമായി മദ്യവർജ്ജനത്തിലെത്തിക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

(ഇ) സർക്കാർ നയം സർക്കാർ തന്നെ തെറ്റിക്കുന്ന സാഹചര്യം നിലനിൽക്കുന്നുണ്ടോ; എങ്കിൽ ആയത് ഇല്ലാതാക്കാമോ?

(ഇ) ഇല്ല. മദ്യവർജ്ജനത്തിലൂന്നിയുള്ള മദ്യനയമാണ് ഈ സർക്കാരിന്റേത്. ഈ നയം തെറ്റിക്കുന്ന ഒരു സാഹചര്യവും നിലവിലില്ല.

സെക്ഷൻ ആഫീസർ